# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5913    04.07.2019 ൽ മറുപടിക്ക്**

### ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.സത്യൻ** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമരാമത്ത് വകുപ്പ് ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ വിശദമാക്കുമോ; | എ) എം.സി. റോഡിൽ വാമനപുരം പാലം ( 32/650) മുതൽ വാഴോട് (43/000) വരെയാണ് ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നത്. കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള മാതൃക സുരക്ഷിത ഇടനാഴി പദ്ധതിയുടെ ഭാഗമായി കെ.എസ്.റ്റി.പി യുടെ കീഴിൽ ഓട നിർമ്മാണം, വാഴോട്, കാരേറ്റ് എന്നിവിടങ്ങളിൽ കലുങ്ക് നിർമ്മാണം, റോഡിന്റെ ഉപരിതലം പുതുക്കൽ, റോഡ് മാർക്കിംഗ്, സൈൻ ബോർഡ് സ്ഥാപിക്കൽ, തട്ടത്തുമല, കിളിമാനൂർ, വാമനപുരം, കാരേറ്റ് തുടങ്ങിയ ജംഗ്ഷനുകളുടെ നവീകരണം, സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളാണ് ഈ സർക്കാരിന്റെ കാലത്ത് ആറ്റിങ്ങൽ മണ്ഡലത്തിൽ നടന്നിട്ടുള്ളത്.<br>പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻ കീഴിൽ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനായി 24.77 കോടി രൂപയുടെ പ്രവൃത്തിക്ക് സ.ഉ(സാധാ) നം.1662/2017/പൊമവ തീയതി 07.11.2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br>പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗത്തിനു കീഴിൽ പാലം നിർമ്മാണത്തിനായി അനുവദിച്ചത് 2017-18 ലെ കിഫ്ബി പ്രവൃത്തിയായ റക്കം കായിക്കരക്കടവ് പാലം നിർമ്മാണമാണ്. ഇതിനായി 25 കോടി രൂപ അനുവദിച്ചു. വിശദമായ ഡി പി ആർ തയ്യാറാക്കി കിഫ്ബിയിലേയ്ക്ക് സാമ്പത്തികാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.<br>നിരത്ത്, കെട്ടിട വിഭാഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് വകുപ്പ് ശിപാർശ ചെയ്ത് മണ്ഡലത്തിൽ ലഭ്യമാക്കിയതെന്ന് വ്യക്തമാക്കുമോ? | ബി) പൊതുമരാമത്ത് വകുപ്പ് ശുപാർശ ചെയ്ത് ആറ്റിങ്ങൽ മണ്ഡലത്തിൽ നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. പൂവൻപാറ പാലത്തിന് സമീപം എൻ.എച്ച് 66 (പഴയ 47) ന്റെ ഇടത് വശത്ത് സംരക്ഷണ |

ഭിത്തിയുടെ നിർമ്മാണം.

2. ചാത്തൻപാറ ജംഗ്ഷനിൽ വെള്ളപ്പൊക്കം കാരണം അതിർ വരമ്പ് തകർന്ന റോഡിന്റെ ബലപ്പെടുത്തൽ നിർമ്മാണവും ബസ് ബേ നിർമ്മാണവും (ചെ 530/000 RHS on NH 66(Old 47))

3. അപകടങ്ങൾ ഒഴിവാക്കുന്നതിനു വേണ്ടി കേന്ദ്ര ഗവൺമെന്റ് നിർദ്ദേശ പ്രകാരം ഉൾപ്പെടുത്തിയ വർക്ക് ( improvement of identified black spot KL- 021, KL - 022, KL - 023 on NH 66 (Old NH 47)

4. FDR-2018-19 (NH 66) ആലംകോട് മുതൽ പൂവമ്പാറ വരെയുള്ള ഓടയുടെ പുനർ നിർമ്മാണവും ആലംകോട് ജംഗ്ഷൻ നവീകരണവും.

5. FDR-2018-19 (NH 66) കി.മീ 536/200 കൾവർട്ടിന്റെ പുനർനിർമ്മാണവും മാമം മുതൽ മൂന്ന്മുക്ക് വരെയുള്ള ഓടയുടെ പുനർനിർമ്മാണവും.

6. CRF 2016-17 MDR NH 47 കല്ലമ്പലം പുതുശ്ശേരിമുക്ക് നഗരൂർ കാരേറ്റ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ.

7. അപകടങ്ങൾ ഒഴിവാക്കുന്നതിനു വേണ്ടി ഒ ആർ വർക്കിലുൾപ്പെടുത്തി വെയിലൂർ ചെയിനേജ് 527 ൽ ബസ് ബേ നിർമ്മാണം.

Rajith

സെക്ഷൻ ഓഫീസർ